# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 904** **05.02.2020 ലെ മറുപടി**

## പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നിലവിലുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 2019-ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(എ) എ) 2018-19 , 19-20 വർഷങ്ങളിൽ കോട്ടക്കൽ മണ്ഡലത്തിൽ നിന്നും RMF ൽ ഉൾപ്പെടുത്തി താഴെ പറയുന്ന 2 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

i. RMF- മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറക്ക് സമീപം ചെങ്ങണക്കടവിന്റെ മുകൾ ഭാഗത്ത ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം -റീച്ച്-2. 25 ലക്ഷം രൂപ- പ്രവർത്തി തുടങ്ങി

ii. RMF – പൊൻമള പഞ്ചായത്തിൽ പൊൻമള തേമ്പറമ്പ് വടക്കേ കുണ്ടിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം. 24.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കളക്ടർക്ക സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര പദ്ധതികൾ ജില്ലാതല സമിതി അംഗീകരിച്ചിട്ടുണ്ട്; ഏതെല്ലാം പദ്ധതികൾ സംസ്ഥാനതല സമിതിക്ക് അയച്ചിട്ടുണ്ട്; ഈ സാമ്പത്തിക വർഷം സംസ്ഥാനതല സമിതിക്ക് ലഭിച്ചതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ബി) RMF- ൽ ഉൾപ്പെടുത്തിയ 2 പദ്ധതികൾ സംസ്ഥാന തല സമിതിക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

i. "RMF - പൊൻമള പഞ്ചായത്തിൽ പൊൻമള തേമ്പറമ്പ് വടക്കേ കുണ്ടിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം." എന്ന പ്രവൃത്തിയുടെ . 24.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 06-08-2019- ലെ ജില്ലാ വിദഗ്ധ സമിതിയുടെ 87-)0 നമ്പർ യോഗത്തിൽ ഭരണാനുമതിക്കായി സമർപ്പിക്കാൻ തീരു-മാനമായിട്ടുള്ളതാണ്. തുടർന്ന് SLEC ക്ക് സമർപ്പിച്ചിട്ടുണ്ട്.

ii. RMF- മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറക്ക് സമീപം ചെങ്ങണക്കടവിൻറെ മുകൾ ഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം -റീച്ച്-2." എന്ന

പ്രവൃത്തിക്ക് അംഗീകാരം കിട്ടി
പ്രവർത്തി തുടങ്ങി.

(സി) പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് 2019-20 ൽ ചീഫ് എൻജിനീയർ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(സി) 2019-20 ൽ പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ SDRF ൽ ഉൾപ്പെടുത്തി 2019-ൽ ഭരണാനുമതി നൽകിയ പ്രവർത്തികൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കുറ്റിപ്പുറം പഞ്ചായത്തിലെ വാർഡ് 23 ൽ കുനം പടം SC കോളനി ക്കു സമീപം തൊട്ടായി തോട്ടിൽ തിരൂർ പൊന്നാനി പുഴയുടെ ഇരു കരകളുടെയും സംരക്ഷണം | 14.3 ലക്ഷം | പ്രവർത്തി തുടങ്ങി |
| 2 | കുറ്റിപ്പുറം പഞ്ചായത്തിലെ വാർഡ് 21 ൽ അയ്യമാക്കാ ഷോപ് പാലത്തിനു താഴ് ഭാഗത്തു തൊട്ടായി തോട്ടിൽ തിരൂർ പൊന്നാനി പുഴയുടെ ഇരു കരകളുടെയും സംരക്ഷണം | 28.28 ലക്ഷം | പ്രവർത്തി തുടങ്ങി |

(ഡി) ചീഫ് എൻജിനീയറുടെ ഓഫീസിൽ ഭരണാനുമതിക്കായി നിലവിലുള്ള പ്രൊപ്പോസലുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(ഡി) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഭരണാനുമതിക്കായി നിലവിലുള്ള പ്രൊപ്പോസൽ താഴെ പറയുന്നു.
കുറ്റിപ്പുറം പഞ്ചായത്തിലെ കാങ്കകടവിൽ ഭാരതപ്പുഴയ്ക്കു കുറുകെ ആർ.സി.ബി-യുടെ നിർമ്മാണത്തിനാവശ്യമായ ബെഡ് സർവ്വേ (3 ലക്ഷം).

Prijith

**സെക്ഷൻ ഓഫീസർ**